(സി) പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

പദ്ധതികൾ	തുക
1. ഭാഗികമായി മാത്രം കുടിവെള്ളം ലഭിക്കുന്ന വാർഡുകളിൽ ശുദ്ധജലം എത്തിക്കുവാനുള്ള പദ്ധതികൾ	325.00
2. ഇടക്കാല വിപുലീകരണം ഉൾപ്പെടെ എൽ.ഐ.സി/ഹഡ്കോയ്ക്കുള്ള യോഗ്യ സഹായം - ഗ്രാമീണ പദ്ധതികൾ	300.00
3. എൽ.ഐ.സി. സഹായത്തോടെയുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	10.00
4. എ.ആർ.പി. സഹായമില്ലാത്ത മറ്റു ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ	1200.00
5. ലോകബാങ്ക് സഹായത്തോടെ പൂർത്തീകരിച്ച ജലവിതരണ പദ്ധതികൾ	200.00
6. നെതർലാന്റ് സഹായത്തോടെയുള്ള പദ്ധതികൾ	600.00
7. ഡാനിഡയുടെ സഹായത്തോടെയുള്ള പദ്ധതികൾ	25.00
8. ഒ.ഇ.സി.എഫ്. (ജപ്പാൻ) സഹായത്തോടെയുള്ള പദ്ധതികൾ	60.00
9. ടെക്നോളജി മിഷൻ പദ്ധതികൾ	
25% സംസ്ഥാന വിഹിതം	100.00
50% സംസ്ഥാന വിഹിതം	185.00

51 (1157) വിദേശ സഹായത്തോടെ നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാനിലെ ഓവർസീസ് ഇക്കണോമിക് കോ-ഓപ്പറേഷൻ ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്ത് ശുദ്ധജല വിതരണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) ഈ പദ്ധതിക്ക് എന്തു തുകയുടെ സഹായമാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത് സംബന്ധിച്ചുണ്ടാക്കിയ കരാറിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഫ്രഞ്ചു ഗവൺമെന്റിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് ശുദ്ധജലവിതരണ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. കോഴിക്കോട് സിറ്റി റീജിയൺ

2. പടുവവും സമീപ വില്ലേജുകളും

3. ചേർത്തലയും സമീപ വില്ലേജുകളും

4. മീനാടും സമീപ വില്ലേജുകളും

5. തിരുവനന്തപുരം സിറ്റി റീജിയൺ

(സി) കരാർ പ്രകാരം 11997 മില്യൻ ജാപ്പനീസ് യെൻ (382.07 കോടി രൂപ) വായ്പാ സഹായത്തിന്റെ ആദ്യഘട്ടമായി ലഭിക്കുന്നതാണ്.

(ഡി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കരാറനുസരിച്ച് 11997 മില്യൻ ജാപ്പനീസ് യെൻ (382.07 കോടി രൂപ) കേരള വാട്ടർ സപ്ലൈ പ്രോജക്ട് നടപ്പിലാക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് ആദ്യഘട്ടമായി ലഭിക്കും. വായ്പയുടെ മറ്റു പ്രധാന വ്യവസ്ഥകൾ രണ്ടാംപുറത്ത് കൊടുക്കുന്നു.

1. വാർഷിക പലിശ നിരക്ക് : 2.10%

2. തിരിച്ചടയ്ക്കാനുള്ള കാലയളവ് - 20 വർഷം

(10 വർഷത്തെ ഗ്രേഡ് പീരീഡ് കഴിഞ്ഞശേഷം)

3. വായ്പ തരുന്ന കാലയളവ് : ലോൺ എഗ്രിമെന്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ 9 വർഷത്തിനുള്ളിൽ അവസാനത്തെ ഗഡു വായ്പ കൈപ്പറ്റിയിരിക്കണം.

ഈ കരാർ പ്രകാരം, കേരള വാട്ടർ അതോറിറ്റി, പ്രോജക്ട് എക്സിക്യൂട്ടിംഗ് ഏജൻസിയാണ്. പദ്ധതി നടത്തിപ്പിനായി, എക്സിക്യൂട്ടീംഗ് ഏജൻസി ഇന്റർ നാഷണൽ കൺസൾട്ടന്റിനെ നിയമിക്കണമെന്ന് വ്യവസ്ഥയുണ്ട്. പദ്ധതിയുടെ കൺസൾട്ടന്റുമാരുടെ ഷോർട്ട് ലിസ്റ്റ്, ടേംസ് ഓഫ് റഫറൻസ്, ലെറ്റർ ഓഫ് ഇൻവിറ്റേഷൻ, നിയമനം എന്നിവ ഒ.ഇ.സി.എഫിന്റെ അംഗീകാരത്തോടുകൂടിയേ നടപ്പാക്കാൻ പാടുള്ളൂവെന്നും വ്യവസ്ഥയുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഫ്രഞ്ചു സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 4 പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട്, 24.8.1998 ന് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചു. പദ്ധതികളുടെ മൊത്തം അടങ്കൽ തുക (ടാക്സുകളും ഡ്യൂട്ടികളും ഉൾപ്പെടെ) 1288 കോടി രൂപയാണ്. പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടിൽ ആവശ്യമായ മറ്റു ചില വിവരങ്ങളും ചേർത്ത് പുതുക്കി സമർപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചതനുസരിച്ച് അപ്രകാരം പുതുക്കിയ പദ്ധതികൾ വീണ്ടും കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly